"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - മലപ്പുറം ജില്ലയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട അനന്തു എന്ന കുട്ടിയുടെ പിതാവ് ശ്രീ സുരേഷ് എ. അദ്ദേഹത്തിന്റെ സഹോദരങ്ങളായ ശ്രീ ബാലകൃഷ്ണൻ ശ്രീ അയ്യപ്പൻ, ശ്രീ വിജയൻ എന്നിവരുടെ പുനരധിവാസത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.274/2026/DMD തീയതി,തിരുവനന്തപുരം, 03-07-2026

പരാമർശം:- 1. സ.ഉ(കൈ)നം.25/2019/ഡിഎംഡി തീയതി 23/08/2019

2. മലപ്പുറം ജില്ലാ കളക്ടറുടെ 08.05.2026 ലെ DCMPM/14320/ 2025-DM6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജക മണ്ഡലത്തിലെ വഴിക്കടവ് വെള്ളക്കട്ടയിൽ രൂക്ഷമായ വന്യമൃഗശല്യം ഒഴിവാക്കുന്നതിനായി അനധികൃതമായി വലിച്ചിരുന്ന വൈദ്യുതി കമ്പിയിൽ തട്ടി ഷോക്കേറ്റ് മരണപ്പെട്ട അനന്തു വിജയൻ (ആമാടൻ ഹൌസ്, കാരക്കോട്.പി.ഒ, വെള്ളക്കട്ടയിൽ) എന്ന സ്കൂൾ വിദ്യാർത്ഥിയുടെ പിതാവായ ശ്രീ സുരേഷ് സമർപ്പിച്ച അപേക്ഷ പ്രകാരം ടിയാന്റെയും സഹോദരന്മാരായ അയ്യപ്പൻ, ബാലകൃഷ്ണൻ, വിജയൻ എന്നിവരുടെയും ഉൾപ്പെടെ നാല് കുടുംബങ്ങൾ വനത്തോട് ചേർന്ന, മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലത്ത് ദുരിതപൂർണ്ണമായ ജീവിതാവസ്ഥയിലാണുള്ളതെന്നും ഉരുൾപ്പൊട്ടൽ ഭീഷണിയും വെള്ളപ്പൊക്ക ഭീഷണിയുമുള്ളതിനാൽ മഴക്കാലമായാൽ ദുരിതാശ്വാസ ക്യാമ്പുകളിലാണ് അഭയം പ്രാപിക്കാറുള്ളതെന്നും ഏതു സമയത്തും വന്യമൃഗങ്ങളുടെ ആക്രമണം നേരിടേണ്ട അവസ്ഥയാണെന്നും കുട്ടികളുടെ വിദ്യാഭ്യാസവും, ജോലിയും മറ്റു പ്രാഥമിക /അടിയന്തര ആവശ്യങ്ങൾക്കും പ്രയാസം നേരിടുന്ന അവസ്ഥയാണുള്ളതെന്നും ആയതിനാൽ തങ്ങളെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നതാണ്.

2. അപേക്ഷകന്റെ വീട് സ്ഥിതി ചെയ്യുന്ന വസ്തു ദുരന്ത സാധ്യതാ മേഖലയിൽ ഉൾപ്പെട്ടതാണോ എന്ന് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി ജില്ലാ ജിയോളജിസ്റ്റിന്റെ നേതൃത്വത്തിലുള്ള സംയുക്ത പരിശോധന സമിതിയും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സ്ഥല പരിശോധന നടത്തിയതിൽ ചാലിയാറിന്റെ

കൈവഴിയായ ചട്ടിപ്പാറ തോടിന്റെ തീരത്ത് (Flood Plain) സ്ഥിതി ചെയ്യുന്ന ഈ പ്രദേശം എല്ലാ മഴക്കാലത്തും വെള്ളപ്പൊക്ക ഭീഷണിയുള്ളതും പുറംലോകവുമായി ബന്ധപ്പെടാൻ കഴിയാത്തവിധം ഈ വീടുകൾ ഒറ്റപ്പെട്ടുപോകുന്ന (തുരുത്ത്) അവസ്ഥയിലും ഉള്ളതാണെന്നും ഭൂമിശാസ്ത്രപരമായി NCESS-ന്റെ FLOOD മാപ്പിലും, GSI യുടെ ഉരുൾപൊട്ടൽ സാധ്യതാ മാപ്പിലും (Low Hazard Zone) ഈ പ്രദേശം ഉൾപ്പെടുന്നതായും വീടിന് മൂന്ന് വശത്തും സ്വകാര്യ ഭൂമിയും ഒരുവശത്ത് തോടുമാണെന്നും വന്യജീവി സംഘർഷ ബാധിതമായ ഈ പ്രദേശ ഭൂമിയായ അട്ടി ഭാഗത്തേക്ക് വെറും 600 മീറ്റർ മാത്രം ദൂരമുള്ളതിനാൽ ഇവിടെ വന്യമൃഗശല്യം അതീവ രൂക്ഷമാണെന്നും യാത്രാ സൗകര്യങ്ങളുടെ കുറവുള്ളതായും വാഹന ഗതാഗതത്തിന് മതിയായ സൗകര്യങ്ങളില്ലെന്നും വനം വകുപ്പിന്റെ റോഡിനെയാണ് യാത്രയ്ക്കായി ആശ്രയിക്കുന്നതെന്നും മഴക്കാലത്തെ വെള്ളപ്പൊക്കം, വന്യജീവി ആക്രമണം, മണ്ണിടിച്ചിൽ സാധ്യത എന്നിവ കണക്കിലെടുത്ത് ശ്രീ സുരേഷിനെയും അദ്ദേഹത്തിന്റെ സഹോദരങ്ങളായ ശ്രീ ബാലകൃഷ്ണൻ ശ്രീ അയ്യപ്പൻ, ശ്രീ വിജയൻ എന്നീ കുടുംബത്തെ പുനരധിവാസത്തിനായി പരിഗണിക്കാവുന്നതാണെന്നും മലപ്പുറം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ സുരേഷിനെയും അദ്ദേഹത്തിന്റെ സഹോദരങ്ങളായ ശ്രീ ബാലകൃഷ്ണൻ, ശ്രീ അയ്യപ്പൻ, ശ്രീ വിജയൻ എന്നീ കുടുംബങ്ങളുടെയും പുനരധിവാസത്തിനായി പ്രസ്തുത വസ്തുവിൽ നിന്നും മാറി, വസ്തു വാങ്ങി വീട് നിർമിക്കുന്നതിന്/ വസ്തുവും വീടും ഒരുമിച്ച് വാങ്ങുന്നതിന്, പരാമർശം (1) ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ വീതം ആകെ 40,00,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

4. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായ ₹40,00,000/- രൂപ (നാല്പത് ലക്ഷം രൂപ മാത്രം) ശ്രീ സുരേഷ് എ, അദ്ദേഹത്തിന്റെ സഹോദരങ്ങളായ ശ്രീ ബാലകൃഷ്ണൻ, ശ്രീ അയ്യപ്പൻ, ശ്രീ വിജയൻ എന്നിവർക്ക് അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് നൽകാനുള്ള നടപടികൾ റവന്യൂ (ഡിആർഎഫ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം

ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manu S
Date: 03-07-2026 15:09:13

സെക്ഷൻ ഓഫീസർ